# Malayala Manorama
# 25 August 2018
# Kochi; After Flood, Flood Relief Activies

## കുറുങ്കോട്ട ദ്വീപു നിവാസികളെ കാണാൻ ഉമ്മൻ ചാണ്ടിയെത്തി

ചേരാനല്ലൂർ • പ്രളയ ദുരിതത്തിൽ എല്ലാം നഷ്ടമായ കുറുങ്കോട്ട ദ്വീപു നിവാസികളെ കാണാൻ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെത്തി. വടുതല സെന്റ് പീറ്റേഴ്സ് എൽപി സ്കൂളിൽ തുറന്നിട്ടുള്ള ദുരിതാശ്വാസ ക്യാംപിലാണ് ഉമ്മൻചാണ്ടിയെത്തിയത്. ദുരതബാധിതർക്കു വേണ്ട സഹായം സർക്കാരിൽ നിന്നു ലഭ്യമാക്കാൻ വേണ്ട ശ്രമങ്ങൾ നടത്തുമെന്ന് അദ്ദേഹം ദുരിതബാധിതർക്ക് ഉറപ്പു നൽകി. ഹൈബി ഈഡൻ എംഎൽഎയും ഒപ്പം ഉണ്ടായിരുന്നു. കൊറുങ്കോട്ടയിലേക്കുള്ള ശുദ്ധജല വിതരണത്തിനായി പൈപ്പ് സ്ഥാപിക്കുന്ന ജോലികൾ ഉടൻ ആരംഭിക്കാൻ നിർദേശം നൽകിയതായി എംഎൽഎ പറഞ്ഞു.



ദുരിതത്തിൽ സകലതും നഷ്ടപ്പെട്ട ചേരാനല്ലൂർ പഞ്ചായത്തിലെ കൊറംകോട്ട നിവാസികളെ കാണാൻ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി എത്തിയപ്പോൾ. ലുഡി ലൂയിസ്, ഹൈബി ഈഡൻ എംഎൽഎ എന്നിവർ സമീപം.

## വീടിന്റെ താക്കോൽ കൈമാറി

കൊച്ചി • എംഇഎസ് ജില്ലാ കമ്മിറ്റി നടപ്പാക്കി വരുന്ന സൗജന്യ ഭവന പദ്ധതിയിലെ വീടിന്റെ താക്കോൽ സമർപ്പണം സലാഹുദ്ദീൻ ബുഖാരി തങ്ങൾ നിർവഹിച്ചു. കലൂർ മുസ്‌ലിം ജമാഅത്തിന്റെ സഹകരണത്തിലായിരുന്നു നിർമാണം. എളമക്കര കുട്ടിനി ഹൗസിൽ പരേതനായ മൊയ്തീന്റെ ഭാര്യ സുൽഫത്തിനും കുടുംബത്തിനുമാണു വീടു കൈമാറിയത്.

എംഇഎസ് ജില്ലാ സെക്രട്ടറി എം.എം. അഷ്റഫ് അധ്യക്ഷത വഹിച്ചു. പി. അഷ്റഫ് സഖാഫി യോഗം ഉദ്ഘാടനം ചെയ്തു. വി.യു. ഹംസക്കോയ, സി.എ. അബ്ദുൽ ലത്തീഫ്, എം.എം. സലിം, എം.ബി. സിദ്ദീഖ്, പി.എ. വിജാസ്, പി.എ. അബ്ദുൽ സത്താർ, അഴീക്കകത്ത് ശ്യാം ഇബ്രാഹിം, വി.ആർ. സുധീർ, കെ.എം. ഇക്ബാൽ, സുഹൈൽ ബുഖാരി കാമിൽ സഖാഫി, നൗഫൽ ബാഖവി, വി.എ. കലീൽ, കൈപ്പിള്ളിൽ റഹിം, കെ.എ. ഉമ്മർ, ടി.ഇ. ബിലാൽ തുടങ്ങിയവർ പ്രസംഗിച്ചു.



എംഇഎസിന്റെ സൗജന്യ ഭവന പദ്ധതിയിലെ വീടിന്റെ താക്കോൽ എളമക്കര കുട്ടിനിഹൗസിൽ കുടുംബത്തിന് സലാഹുദ്ദീൻ ബുഖാരി തങ്ങൾ കൈമാറുന്നു.